കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേപ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:*dowyd.ksad@kerala.gov.in*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി4 - 603 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്.

തീയതി : 19.10.2017

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

മേപ്പാടി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മേപ്പാടി ഗ്രാമപഞ്ചായത്ത് - 2016 -17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016 -17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി4 - 603 /2017

തീയതി :19.10.2017 .

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 31.03.2017

തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി . പി.എസ്. വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.08.2017മുതൽ<br>23.08..2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവാസ് കെ.എം<br>അസി .ഓഡിറ്റ് ഓഫീസർ |
| | ശ്രീ കെ .വി ഡേവിഡ്<br>അസി .ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദു. കെ നായർ<br>ഓഡിറ്റർ |
| | ശ്രീമതി. റ്റിജി വർഗ്ഗീസ് |

| | |
|---|---|
| | ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.സഹദ് | 01.04.2016 മുതൽ 31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. ഷൈജ | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ.ചന്ദ്രശേഖരൻ തമ്പി | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി. രാധാരാമസ്വാമി | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി. സീനത്ത്.സി | 01.04.2016 മുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.വി.ഹംസ | 01.04.2016മുതൽ<br><br>04.06.16വരെ |
| | ശ്രീ.എൻ.അനിൽകുമാർ | 05.06.2016മുതൽ<br><br>10.7.2016വരെ |
| | ശ്രീ.വി.ഹംസ | 11.7.2016മുതൽ<br><br>04.11.16വരെ |
| | ശ്രീ.എൻ.അനിൽകുമാർ | 05.11.2016മുതൽ<br><br>24.11.16വരെ |
| | ശ്രീമതി.കോമളവല്ലി | 25/11/2016മുതൽ<br><br>29/12/2016 വരെ |
| | ശ്രീ.ജോണി.റ്റി.ഡി. | 30.12.16 മുതൽ<br><br>31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കോമളവല്ലി | 01.04.2016മുതൽ<br><br>31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി. എച്ച്. സി ) | ഡോ.അനീഷ് | 01.04.2016 മുതൽ<br><br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.ആരിഫ വി.പി | 01.04.2016 മുതൽ<br><br>31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.ആർ.പ്രദീപ് കുമാർ | 01.04.2016മുതൽ<br>31.03.2017 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ഗിരിജ.കെ.കെ | 01.04 .2016 മുതൽ<br><br>04.04.2016 വരെ |
| | ശ്രീമതി. സിസിലി | 05.04 .2016 മുതൽ<br><br>31.03.2017 വരെ |
| അസി .എഞ്ചിനീയർ | ശ്രീ.അജിത് ജേക്കബ് | 01.04 .2016 മുതൽ<br><br>20.08.2016 |

| | | |
|---|---|---|
| | | പൂർവ്വാഹ്നം വരെ |
| | ശ്രീമതി. മഞ്ജുഷ | 20.08.2016 അപരാഹ്നം മുതൽ<br>14.03.2017 വരെ |
| | ശ്രീമതി. ശ്യാമിലി. പി.എസ് | 15.03.2017മുതൽ<br>31.03.2017 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി. മേഴ്സി. ഐ.സി | 01.04.2016മുതൽ<br>04.06.2016 വരെ (05.06.2016<br>31.07.2016 വരെ ചുമതല വഹിച്ച ഹെഡ് മിസ്ട്രസിന്റെ പേര് ലഭ്യമാക്കിയില്ല. |
| | ശ്രീമതി. ലിസി ജോസഫ് | 01.08.2016മുതൽ<br>31.03.2017 വരെ |
| വി ഇ ഒ | ശ്രീ.സലാം | 01.04.2016 മുതൽ<br>31.03.2017വരെ |
| | ശ്രീ. വിനോദ്. വി.എൻ | 14.11.2016 മുതൽ<br>31.03.2017വരെ |
| | ശ്രീ. ബിജു | 01.04.2016 മുതൽ<br>16.10.2016വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.മിനു ചാക്കോ | 01.04.2016 മുതൽ<br>29.06.2016വരെ |
| | ഡോ.രമ്യ. എ.ജി. | 30.06.2016 മുതൽ<br>31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 – വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 13 | ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | വസ്തു നികുതി കുറവ് ഈടാക്കിയത് | 2-3 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 16 | ഡി &ഒ ലൈസൻസ് - അപാകതകൾ | 2-5 |
| | ഭാഗം 3 – ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 3-1 |
| 17 | ഗുണഭോക്തൃ സമിതിക്ക് അർഹമായതിലും അധികം തുക നൽകി | 3-2 |
| 18 | ഗുണഭോക്തൃ സമിതിയുടെ ചെലവ് വൌച്ചറുകൾ അസാധു | 3-3 |

| | | |
|---|---|---|
| 19 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു | 3-4 |
| 20 | ടെണ്ടർ നടപടി അസാധു - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിക്കുകയും ചെയ്തു | 3-5 |
| 21 | വാണിജ്യ നികുതി ഇനത്തിൽ സർക്കാരിന് വൻ നഷ്ടം | 3-6 |
| 22 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വാങ്ങിയതിന് നിയമപ്രകാരമുള്ള ടാക്സ് ഈടാക്കാത്തതിനാൽ സർക്കാരിന് 2,29056/-രൂപ നഷ്ടം | 3-7 |
| 23 | മരുന്ന് വിതരണം ചെയ്തില്ല | 3-8 |
| 24 | അക്കൗണ്ടിൽ നീക്കിയിരിപ്പ് | 3-9 |
| 25 | അങ്കണവാടി പോഷകാഹാരം – സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 3-10 |
| 26 | വയോജന നയരൂപീകരണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 27 | വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭിക്കാത്തത്. | 3-12 |
| 28 | ടച്ച് സ്ക്രീൻ സംവിധാനം പ്രവർത്തന സജ്ജമായിട്ടില്ല | 3-13 |
| 29 | തൊഴിൽ രഹിത വേതന അധികം നൽകി | 3-14 |
| 30 | യാത്രാപ്പടി നൽകിയതിലെ അപാകതകൾ | 3-15 |
| 31 | ഫയലുകൾ ഹാജരാക്കാത്തത് | 3-16 |
| 32 | സ്ട്രീറ്റ് ലൈറ്റ് വാങ്ങിയത് മുഴുവൻ സ്ഥാപിച്ചു കഴിഞ്ഞിട്ടില്ല | 3-17 |
| 33 | ഭവന നിർമ്മാണം | 3-18 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | -4-3 |
| 37 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | അനുബന്ധം - സാക്ഷ്യ പത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 ലെ 76/2016-ാം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം.

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,01,00,095/-രൂപ |
| വരവ് | 90051791/-രൂപ |
| ആകെ | 120161886/-രൂപ |
| ചെലവ് | 78504111/-രൂപ |
| നീക്കിയിരിപ്പ് | 4,16,47,775/-രൂപ |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട് മെന്റ് ) | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,72,44,926 | 2,72,44,926 | 2,12,62,722 | 59,82,204 | 78.04 |
| വികസനഫണ്ട് എസ്.സി.പി. | 0 | 75,62,289 | 75,62,289 | 31,38,495 | 44,23,794 | 41.50% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 93,46,605 | 93,46,605 | 46,24,887 | 4721718 | 49.48% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,24,89,663 | 1,24,89,663 | 1,56,112 | 1,23,33,551 | 01.25% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5741589 | 5741589 | 2073667 | 3667922 | 36.1% |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,35,52,133 | 1,35,52,133 | 83,55,297 | 5196836 | 61.65% |
| ലോകബാങ്ക് സഹായം | 0 | 80,01,479 | 80,01,479 | 0 | 0 | 0% |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നട പ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 252 | 1,37,254,600 | 81 | 4,66,02,678 | 146 | 25 | 32% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26,50,095(25.78%)ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 54,65,728 | 77,69,015 | 23,03,287 | |
| നികുതിയേതര വരവുകൾ | 43,78,920 | 45,32,326 | 1,53,406 | |
| മറ്റ് വരവുകൾ | 4,33,057 | 6,26,462 | 1,93,405 | |
| ആകെ | 1,02,77,705 | 1,29,27,803 | 26,50,098 | 25.78% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 18 | 30,480 |
| കർഷകതൊഴിലാളി പെൻഷൻ | 1290 | 2,485,690 |
| വിധവാപെൻഷൻ | 7908 | 17,232,240 |
| വാർദ്ധക്യകാലപെൻഷൻ | 8265 | 22,700,160 |
| വികലാംഗപെൻഷൻ | 1755 | 3,356,765 |
| അവിവാഹിത പെൻഷൻ | 61 | 122,420 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/08/2017 അപരാഹ്നത്തിൽ 4 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,78,990/- രൂപ (രണ്ടു ലക്ഷത്തി എഴുപത്തെട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറു രൂപ മാത്രം ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.08.2017 | ജൂലൈ 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.05.2002 | 1999-2000 | 23.07.2002 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2016-17വർഷത്തെ വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1)ഫിക്സഡ് അസറ്റ്സ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) ഡെപ്പോസിറ്റ്, അഡ്വാൻസ്, ലോൺ എന്നിവയ്ക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3) ക്ഷേമപെൻഷൻ ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

4)വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള ബാങ്ക് അക്കൌണ്ടുകളിൽ (സാംഖ്യയിൽ ഉൾപ്പെടുത്താത്ത അക്കൌണ്ടുകളിലെ തുക) നീക്കിയിരിപ്പായുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൌണ്ട് നമ്പർ | 31.03.2017- ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | 2154098438 (central bank of India) | 7,94,768 |
| 2 | കൃഷി ഓഫീസർ | 204501010011026 (മേപ്പാടി വിജയ ബാങ്ക്) | 1,21,256 |

5)വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള എസ്.ജി.എസ്.വൈ. യുടെ ബാധ്യതയും(27016) ബി - 17 പ്രകാരമുള്ള ആസ്തികയും (28612) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് റിലീഫ് ഫണ്ട് ബാധ്യതയായി ബി-2 ഷെഡ്യൂളിൽ 38,130/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ബി - 17 ഷെഡ്യൂളിൽ 39,005/-രൂപയാണ് ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്.

തനത് ഫണ്ട് നിക്ഷേപിക്കുന്ന അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അതിനാൽ യഥാർത്ഥിൽ നീക്കിയിരിപ്പുള്ള തനത് ഫണ്ട് നിക്ഷേപം എത്രയാണെന്ന് ലഭ്യമല്ല. അതുപോലെ തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകളുടെ (പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ തുടങ്ങിയവ) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതകളും ബി - 17 പ്രകാരമുള്ള ആസ്തികളും തമ്മിൽ പെരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) നികുതി നികുതിയേതിര ഇനങ്ങളുടെ ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7) പല ബാങ്ക് ബുക്കുകളും ബാങ്ക് പാസ് ബുക്കുകളും തമ്മിൽ പൊരുത്തപ്പെടുത്തിയതിൽ അപാകതയുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

എ) വിജയ ബാങ്ക് അക്കൌണ്ട് (11009)- ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 2,189/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 89/-രൂപയുമാണ്. റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

ബി) വിജയ ബാങ്ക് അക്കൌണ്ട് (10787)- ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 5,018/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 181/-രൂപയുമാണ്. റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

സി) സാക്ഷരതയുടെ വയനാട് ജില്ലാ കോ.ഓപ്. ബാങ്ക് മേപ്പാടിയിലെ അക്കൌണ്ട് (00008)- ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 73,036/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 44,549/-രൂപയുമാണ്. റീകൺസിലിയേഷനിൽ 'ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതെന്താണെന്ന് വ്യക്തമല്ല.

ഡി) തനത് ഫണ്ടിന്റെ വയനാട് ജില്ലാ കോ.ഓപ്. ബാങ്ക് മേപ്പാടിയിലെ അക്കൌണ്ട് (360)- ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 1,55,98,188/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 41,64,52,450/-രൂപയുമാണ്. റീകൺസിലിയേഷനിൽ 26,297/- രൂപ 'ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്' എന്നും 67,067/- രൂപ 'ഡയറക്ടലി ക്രഡിറ്റഡ് ബൈ ബാങ്ക്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതെന്താണെന്ന് വ്യക്തമല്ല. താഴെ പറയുന്ന തുക 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 33598 | 07.09.2016 | 6329 |
| 2 | ഇല്ല | 16.11.2016 | 6750 |

ചെക്കുകളുടെ സാധുത 3 മാസക്കാലമാണ്. ചെക്ക് ഗ്രാമപഞ്ചായത്തിൽ തന്നവർക്കെതിരെ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

8) എല്ലാ അക്കൌണ്ടുകളുടെയും പാസ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ടിന്റെ വിവരം | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| 1 | ഡി ആർ എഫ് 10591 | 6589 |
| 2 | സി ബി മേപ്പാടി 2416 | 9884 |

9) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വയനാട് ജില്ലാ കോ.ഓപ്. ബാങ്കിൽ 130111200407158 നമ്പർ ബാങ്ക് അക്കൗണ്ടിൽ 57,779/- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) ബാലൻസ് ഷീറ്റിലെ ബി-8 ഷെഡ്യൂളിൽ 42,423/- രൂപ ഡെപ്പോസിറ്റ് വർക്കായി ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

11) ബഡ്ജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾ കാരണം വാർഷിക കണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 -ലെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്താൻ സാധ്യമല്ല. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 ഭൂവികസന പെർമ്മിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

വൈത്തിരി താലൂക്കിൽ കോട്ടപ്പടി വില്ലേജിൽ 21-ാം വാർഡിൽ 5441/5R-441/5സർവേയിൽപ്പെട്ട ശ്രീ.നജീബ് എന്നവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും മണ്ണ് നീക്കാനായി എടുത്ത രണ്ട് ഭൂവികസന പെർമ്മിറ്റുകളിൽ നിന്നും 2,000/-(11604105870, 11604105871 dtd 15.03.2017) രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത്. 2011 ലെ കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 11(3)പട്ടിക 2 പ്രകാരം 1 ആറിന് 500/- രൂപ എന്ന കണക്കിന് ഈടാക്കേണ്ടതാണ്.ചട്ട പ്രകാരം ഈടാക്കേണ്ട ഫീസ് താഴെ പറയുന്നു.

| സ്ഥലത്തിന്റെ വിസ്തീർണ്ണം | ചട്ട പ്രകാരം ഈടാക്കേണ്ട ഫീസ്. | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|
| 1214.07 m2 | 6,070/- | 2,000/- | 4,070/- |
| 807.94 m2 | 4,040/- | 2,000/- | 2,040/- |
| ആകെ | | | 6,110/- |

ഫീസ് ഈടാക്കിയതിൽ 6,110/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-30/16-17/23-08-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂവികസന പെർമിറ്റ് ഇനത്തിൽ കുറവുവന്ന 6,110/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി കുറവ് ഈടാക്കിയത്

മേപ്പാടി പഞ്ചായത്തിലെ 6-ാം വാർഡിൽ കോട്ടപ്പടി വില്ലേജിൽ റീ സർവേ നം. 1/25/pt ൽ പെട്ട ഹംസ.വി, വെള്ളത്തൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 9 യൂണിറ്റുകളായി പണിത വാണിജ്യ കെട്ടിടത്തിന് 2016-2017 ൽ 06/946മുതൽ 6/954 വരെയുള്ള കെട്ടിട നംപർ നൽകിയിട്ടുണ്ട്. ആയതിന്റെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്.

കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രഥമ മേഖലയിലായതിനാൽ ഇളവുകളൊന്നും ബാധകമല്ല. കെട്ടിടത്തിന്റെ സമീപത്തുള്ള റോഡ് 8 മീ. വിതിയുള്ള സൂചിപ്പാറ റോഡാണ്.( 2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ പട്ടിക 2 പ്രകാരംഅടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവ്). പഞ്ചായത്തിൽ നിലവിലെ വസ്തു നികുതി നിരക്കുകൾ പ്രകാരം 100m2 ന്

മുകളിലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് 60 രൂപയാണ്. എന്നാൽ ഒരു ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചത്. കെട്ടിട പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| വിസ്തീർണ്ണം | യഥാർത്ഥവസ്തുനികുതി(പ്ലിന്ത്ഏരിയ*60 + വർദ്ധനവ് 20%+ലൈബ്രറി സെസ് ) | |
|---|---|---|
| 146.48m2 | 8789+1758+527 | 11,074/-രൂപ |

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|
| 146.48 m2 | 7324+1465+440 | 9,229/-രൂപ |

യഥാർത്ഥത്തിലുള്ള വസ്തുനികുതി 11,074/- രൂപയാണ് . വസ്തുനികുതി നിർണ്ണയിച്ചത് 9,329/- രൂപയാണ്.

മേൽ അപാകതകയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 31/16-17/23-08-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയിച്ചത് പുനപരിശോധന നടത്തി നികുതി പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ കുറവു വന്ന 1745/-രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

1) ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരമുള്ള വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല .

2)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തീകരിക്കുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ , സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല .

3)സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല .

4)ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

5)പഞ്ചായത്തിന്റെ തൊഴിൽ നികുതി റിട്ടേൺ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6) 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ 16 (2) പ്രകാരം തൊഴിൽ നികുതി റിട്ടേൺ ഫോറം 2 മാതൃകയിൽ ആയിരിക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃകയിലല്ലാത്ത ഫോറങ്ങളിലാണ് റിട്ടേൺ സമർപ്പിക്കുന്നത് . അടിസ്ഥാന ശമ്പളവും, ക്ഷാമബത്ത, അർദ്ധവാർഷിക വരുമാനം എന്നിവ രേഖപ്പെടുത്താതെ പേരും,തൊഴിൽ നികുതിയും മാത്രമാണ് രേഖപ്പെടുത്തുന്നത് .

ഉദാ - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഡിപിഒ( നം A5-7301/16/18.816 ), മുത്തൂറ്റ് ഫിൻകോർപ്പ് ( തപാൽ നം ലഭ്യമല്ല )

7)തൊഴിൽ നികുതി റിട്ടേണിൽ അടവാക്കിയ തൊഴിൽ നികുതി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തൊഴിൽ നികുതി അടവാക്കിയത് എത്രയെന്ന് വ്യക്തമല്ല .

ഉദാ - സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ( തപാൽ നം - 1149/17/4.2.2017 )

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി 27/16-17/23.08.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല . മറുപടി ലഭ്യമാക്കേണ്ടതാണ്.

ബി)1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ, പ്രകാരം കമ്പനികളുടെയും, വ്യക്തികളുടെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് ( ചട്ടം 3). പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ താഴെ പറയുന്ന തരത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

| ക്രമ നം | തപാൽ നം | പേര്, സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | A5-8691/16 26.9.16 | സച്ചിൻ ,ബ്രാഞ്ച് മാനേജർ ( സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ) ( ക്രമ നം 1) | 244566 | 1042 1160-0013 26.9.2016 | 1250 | 208 |
| 2 | A5-8691/16 26.9.16 | സന്ധ്യ .എ , SWO (സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ , ക്രമ നം . 5 ) | 122988 | 600 1160-309 14.3.17 | 1000 | 400 |

| | | | | | | |
|---|---|---|---|---|---|---|
| 3 | A5-8691/16<br>26.9.16 | രാജൻ .എൻ .വി , SWO<br>(സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ , ക്രമ നം . 6) | 220800 | 600<br>1160-309<br>14.3.17 | 1250 | 650 |
| 4 | B4-9049/16<br>4.10.2016 | ഉസ്മാൻ<br>അസി.ഫീൽഡ് ഓഫീസർ<br>(സെന്റിനൽ റോക്ക് എസ്റ്റേറ്റ് , ക്രമ നം . 6) | 75096 | 600<br>1160-2874<br>14.3.17 | 750 | 150 |
| 5 | തപാൽ നം ലഭ്യമല്ല | രശ്മി കെ.ആർ<br>ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ<br>( വെറ്ററിനറി ഹോസ്പിറ്റൽ ,മേപ്പാടി ക്രമനം 2) | 191830 | 1000<br>1160-2360<br>31.08.2016 | 1250 | 250 |
| 6 | തപാൽ നം ലഭ്യമല്ല | വിജയകുമാർടി കെ<br>ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ<br>(വെറ്ററിനറി ഹോസ്പിറ്റൽ ,മേപ്പാടി ക്രമനം 3) | 191194 | 1000<br>1160-2360<br>31.08.2016 | 1250 | 250 |
| 7 | തപാൽ നം ലഭ്യമല്ല | സിന്ധു കെ .വി<br>ലൈവ് സ്റ്റോക്ക് | 191194 | 1000<br>1160-2360 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | | ഇൻസ്പെക്ടർ (വെറ്ററിനറി ഹോസ്പിറ്റൽ ,മേപ്പാടി ക്രമനം 4) | | 31.08.2016 | | |
| 8 | B4-8733/16 27.9.16 | സുമ എം .കെ ( മൗണ്ട് താബോർ സ്കൂൾ ക്രമ നം . 11 ) | 76200 | 600 1160-2696 | 750 | 150 |
| | ആകെ | | | | | 2308 |

മേൽ പട്ടികയിൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി 27/16-17/23.08.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) 2016-17 വർഷത്തെ ഡി & ഒ ലെസൻസിനുള്ള അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാർ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളെ ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ആയുഷ്മതി ആയുർവേദാശ്രമം | 4 |
| 2 | ബൈതെയിദ ഡെന്റൽ ക്ലിനിക്ക് | 3 |
| 3 | പീറ്റേഴ്സ് കോഫി ക്രീസ് നേച്ചർ റിസോർട്ട് | 6 |
| 4 | ജംഗിൾ ബീറ്റ്സ് റിസോർട്ട് | 3 |
| 5 | വനതരു ജംഗിൾ റിസോർട്ട് | 5 |
| 6 | കോഫിയ അരോ റിസോർട്ട് | 9 |

ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി.നം. 40 /16-17തീയതി 23.08.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-5 ഡി &ഒ ലൈസൻസ് - അപാകതകൾ

പഞ്ചായത്തിലെ 2016 -17 വർഷത്തെ ഡി &ഒ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ കൊടുക്കുന്ന അപാകതകൾ

ശ്രദ്ധയിൽപ്പെട്ടു .

1)അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല-1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2016-17 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2016 മാർച്ച് ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 608 അപേക്ഷകളിൽ 153 എണ്ണം മാത്രമാണ് നിശ്ചിത സമയക്രമം പാലിച്ചിട്ടുള്ളത്.

ചട്ട ലംഘനം നടത്തിയ സ്ഥാപനങ്ങളിൽ നിന്നും കേ.പ.ര ആക്ട് സെക്ഷൻ 255 പ്രകാരം 1,000/- രൂപയിൽ കവിയാത്ത പിഴ ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച 455 സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

2)വാർഡതല ട്രേഡേഴ്സ് രജിസ്റ്ററോ, ഡിമാന്റ് രജിസ്റ്ററോ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ഡി& ഒ ലെസൻസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. മാത്രമല്ല തൻവർഷം ലഭിച്ച കളക്ഷനാണ് ഡിമാന്റാക്കി കാണിക്കുന്നത് .

വാർഡ് തലട്രേഡേഴ്സ് രജിസ്റ്ററും, ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

3) 1996 ലെ കേ . പ .ര (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലെസൻസ് നൽകൽ ) ചട്ടങ്ങൾ പട്ടിക VI ക്രമ നം 2 പ്രകാരം കരിമരുന്ന് കച്ചവടം നടത്തുന്നതിന് അഗ്നിശമന സേന വകുപ്പിൽ നിന്നും ക്ലിയറൻസ് ആവശ്യമാണ്.1/495 -ാം നമ്പർ കെട്ടിടത്തിൽ പടക്ക കച്ചവടം നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്(ഫീസ് - 300, 11604-1257/18.6.2016 ) എന്നാൽ ലൈസൻസിന് സമർപ്പിച്ച അപേക്ഷയോടൊപ്പം അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല . ക്ലിയറൻസ് സർട്ടിഫിക്കറ്റില്ലാതെ ലൈസൻസ് നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി.നം. 40 /15-16തീയതി 23.08.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസി. എഞ്ചിനിയർ ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

24.03.2017 -ന് ശേഷം അസി. എഞ്ചിനീയർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. ക്യാഷ് ബുക്ക് പ്രതിമാസം ക്ലോസ് ചെയ്ത് നീക്കിയിരിപ്പിന്റെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 04.04.2016 -ന് മുൻബാക്കി കാണിക്കാതെയാണ് 2016-17 ലെ ക്യാഷ് ബുക്ക് എഴുതിതുടങ്ങിയിട്ടുള്ളത്. അസി. എഞ്ചിനിയറുടെ പേരിൽ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ നിർവ്വഹണത്തിനായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ മേപ്പാടി ശാഖയിലെ (A/C No. 2154098438) അക്കൌണ്ടിൽ 31.03.2017-ൽ 794768/- രൂപ നീക്കിയിരിപ്പുണ്ട്. ഈ ബാങ്ക് അക്കൌണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ക്യാഷ് ബുക്കിൽ ബാങ്ക് റീകൺസിലിയോഷൻ രേഖപ്പെടുത്താത്തതിനാൽ ഈ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല.

12.04.2006 ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - VI ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 14 /2016-17 22.08.2017- ന് അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും ക്യാഷ് ബുക്ക് എഴുതി പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-2 ഗുണഭോക്തൃ സമിതിക്ക് അർഹമായതിലും അധികം തുക നൽകി.

താഴെ പറയുന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ സമിതിക്ക് ചെലവായതിലും അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0165/16-17 |
| പ്രോജക്ടിന്റെ പേര് | കുന്നമ്പറ്റ അംഗൻവാടി റിപ്പയർ |
| അടങ്കൽ | 2 ലക്ഷം രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം.) |
| ചെലവ് | 190412/-രൂപ[ട്രഷറി ബിൽ നം. 21/16-17, 28/03/2017 |
| എം. ബുക്ക് നമ്പർ | 10/16-17 (01-53) |
| കൺവീനർ | ശ്രീമതി. ലൂർദ് മേരി |
| കരാറുടമ്പടി നമ്പർ | 155/15-16, 04/03/2016 |
| പ്രവൃത്തി പൂർത്തികരിച്ച തീയതി | 12.08.2016 (അളവ് പുസ്തകം പേജ് നമ്പർ 30) |

അളവ് പുസ്തകം പ്രകാരം പ്രവൃത്തിയുടെ മൂല്യം 1,79,634/-രൂപയാണ് (നികുതികൾ ഉൾപ്പെടാതെ). എന്നാൽ ഗുണഭോക്തൃ സമിതയുടെ ചെലവ് കണക്കുകൾ പ്രകാരമുള്ള ആകെ ചെലവ് 1,54,384.5രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്തൃ സമിതി ചെലവ് കണക്കുകളിൽ രേഖപ്പെടുത്തിയ തുക | വൌച്ചർ പ്രകാരമുള്ള തുക |
|---|---|---|
| 20 mm ക്രഷ്ഡ് സ്റ്റോൺ മെറ്റൽ (150 ക്യൂബിക്ക് അടി) | 7500 | 7500 |
| മണൽ (600 ക്യൂബിക്ക് അടി) | 12000 | 12000 |
| ബോളർ (250 ക്യൂബിക്ക് അടി) | 10000 | 10000 |
| കട്ട (925 എണ്ണം) | 25200 | 2500 |
| വാതിൽ, കതക് | 6900 | 6900 |
| മിക്സർ മെഷ്യൻ | 1000 | 1000 |
| പൈപ്പ് | 22269 | 22269 |
| സിമന്റും സ്റ്റീലും | 24737.5 | 24737.5 |

| | | |
|---|---|---|
| ടൈൽ | 10278 | 10278 |
| പെയ്ന്റ് | 7500 | 7500 |
| ലേബർ | 49700 | 49700 |
| ആകെ | **177084.5 | 154384.5 |

**ഗുണഭോക്തൃ സമിതി കണക്കുകളിൽ ആകെ തുക തെറ്റായി 179034/-രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കട്ട വാങ്ങിയതിന്റെ തീയതി രേഖപ്പെടുത്താത്ത കൈപ്പറ്റ് രശീതിയാണ് വൌച്ചറായി (വൌച്ചർ നമ്പർ 4) ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മനോജ് പുത്തൂർ വയൽ എന്ന വ്യക്തി 925 കട്ടകൾ കുന്നമ്പറ്റ അംഗൻവാടി റിപ്പയറിംഗിനായി എത്തിച്ചു കൊടുത്തതിന് 2500/-രൂപ കൺവീനറുടെ പക്കൽ നിന്നും കൈപ്പറ്റി എന്നാണ് കൈപ്പറ്റ് രശീതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (അളവ് പുസ്തകം പ്രകാരം (ഇനം 6) 1.769 ഘ.മീ. കട്ട ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഡി.എസ്.ആർ ഡാറ്റ പ്രകാരം ഇതിന് ആവശ്യമായ കട്ടകളുടെ എണ്ണം 874 [494 കട്ട/ 1ഘ.മീ. @ 4500രൂപ/ 1000 കട്ട, കൺവേയൻസ് 283.96/1000 കട്ട] ആണ്. ആയതിന് കൺവേയൻസ് അടക്കം ആകെ 4181/- രൂപയാണ് അനുവദനീയമായ തുക). നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തതിനാൽ ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക് അസാധുവുമാണ്.

12.08.2016 നാണ് (അവസാന അളവ് രേഖപ്പെടുത്തിയ തീയതി) പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ ഈ തീയതിക്ക് ശേഷം ഗുണഭോക്തൃ സമിതി കൺവീനർ വാങ്ങിയ സിമിന്റിന്റെ ബില്ലാണ് ചെലവ് വൌച്ചറായി ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബിൽ നം./തീയതി | തുക |
|---|---|---|
| സിമന്റ് (50 ചാക്ക്) | 951/08.06.2017 | 18558.95 |
| സ്റ്റീൽ (75 കി.ഗ്രം) | -ടി- | 3321.43 |
| വാറ്റ് | -ടി- | 2857.12 |
| ആകെ | | 24737.5 |

ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ

ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 15/2016-17/ 22.08.2017 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതിക്ക് അർഹമായതിലും അധികമായി നൽകിയ 25250/- രൂപ( 179634 - 154384) ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള സിമന്റിന്റെ ബില്ല് വൗച്ചറായി ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ബാക്കി ചെലവ് തുക 165162/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ സമിതിയുടെ ചെലവ് വൌച്ചറുകൾ അസാധു.

താഴെ പറയുന്ന പ്രൊജക്ടുകളിൽ ഗുണഭോക്തൃ സമിതിയുടെ ചെലവ് വൌച്ചറുകളായി അസാധുവായ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0167/16-17 |
| പ്രോജക്ടിന്റെ പേര് | ജി.എൽ.പി. സ്കൂൾ മുണ്ടകൈ റിപ്പയർ |
| അടങ്കൽ | 4.5 ലക്ഷം രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം.) |
| ചെലവ് | 398712/--രൂപ<br>263922/--രൂപ[2015-16 വർഷത്തെ ചെലവ്]<br>134790/-രൂപ[ട്രഷറി ബിൽ നം. 02/16-17, 17/11/2016 |
| എം. ബുക്ക് നമ്പർ | 173/15-16 (01-37) |
| കൺവീനർ | ശ്രീമതി. മാലതി ടി.ജെ. |
| കരാറുടമ്പടി നമ്പർ | 147/15-16, 04/03/2016 |

04/03/2016 -നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ സമിതിയുമായി കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ തീയതിക്ക് മുമ്പ് ഗുണഭോക്തൃ സമിതി കൺവീനർ വാങ്ങിയ സാമഗ്രികളുടെ ബില്ലുകൾ ചെലവ് വൌച്ചറായി ഉൾപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൽ താഴെ കൊടുക്കുന്നു.

| ക്രമ നം. | സാമഗ്രി | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | സിമന്റ് (175 ചാക്ക്) | 2255/25.2.2016 | 73500/- |
| 2 | 40 mm ക്രഷ്ഡ് സ്റ്റോൺ മെറ്റൽ (400 ക്യൂബിക്ക് അടി) | 2.3.2016 -ലെ കൈപ്പറ്റ് രശീതി | 24000/- |

| | | | |
|---|---|---|---|
| 3 | 20 mm ക്രഷ്ഡ് സ്റ്റോൺ മെറ്റൽ (450 ക്യൂബിക്ക് അടി) | 3.3.2016 -ലെ കൈപ്പറ്റ് രശീതി | 24000/- |

ഇതിനു പുറമേ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തതിനാൽ ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക് അസാധുവാണ്. പ്രവൃത്തിക്ക് 2015-16 വർഷത്തിൽ ഗുണഭോക്തൃ സമിതിയുടെ ചെലവ് കണക്കുകൾ ഇല്ലാതെ പാർട്ട് ബിൽ അനുവദിച്ചിട്ടുമുണ്ട്.

ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 17/2016-17/ 22.08.2017 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൻവർഷത്തെ ചെലവ് തുക 134790/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു

താഴെ പറയുന്ന പ്രൊജക്റ്റിന്റെ എസ്റ്റമേറ്റിൽ ലംപ്സം പ്രൊവിഷൻ ഉൾപ്പെടുത്തിയിരിക്കുന്നത് അധികമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0178/16-17 |
| പ്രോജക്ടിന്റെ പേര് | അംഗൻവാടികളുടെ റിപ്പയർ (വീട്ടിമറ്റം, മേപ്പാടി ടൌൺ). |
| അടങ്കൽ | 391098/- രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം.) |
| ചെലവ് | 368992/-രൂപ[ട്രഷറി ബിൽ നം. 20/16-17, 23/03/2017 |
| എം. ബുക്ക് നമ്പർ | 11/16-17 (01-46) |
| കരാറുകാരൻ | ശ്രീ. ജോർജ് കെ.വി. |
| കരാറുടമ്പടി നമ്പർ | 184/16-17, 04/03/2016 |
| പി.എ.സി. | 347320/-രൂപ |

എസ്റ്റമേറ്റിൽ ലംപ്സം പ്രൊവിഷനായി 43778/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 1601.1.2(ഇ) പ്രകാരം ലംപ്സം പ്രൊവിഷൻ എസ്ററിമേറ്റ് തുകയുടെ 5% ൽ അധികരിക്കരുത്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 347320/-രൂപയാണ്. അതിന്റെ 5% 17366/-രൂപയാണ്. എസ്റ്റമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ മുൻകൂട്ടി കാണാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമാണ് ലംപ്സം പ്രൊവിഷൻ ഉൾപ്പെടുത്താവുന്നത്. വകുപ്പ് 1601.1.3 പ്രകാരം ലംപ്സം പ്രൊവിഷനായി ഉൾപ്പെടുത്തിയ തുകയ്ക്ക് വർക്കിംഗ് എസ്റ്റമേറ്റ് തയ്യാറാക്കിയ ശേഷമാണ് നടപ്പിലാക്കേണ്ടതും. എന്നാൽ മേൽ പറഞ്ഞ നടപടി

ക്രമങ്ങൾ പാലികാതെ ലംപ്സം പ്രൊവിഷനായി തുക ഉൾപ്പടുത്തുകയും പി.എ.സി. യിൽ ലിമിറ്റ് ചെയ്യാതെ എസ്റ്റിമേറ്റ് തുകയേക്കാൾ 21672/-രൂപ (368992 - 347320) അധികമായി അനുവദിക്കുകയും ചെയ്തു.

ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽതിയ ഓഡിറ്റ് എൻക്വയറി നം. 18/2016-17/22.08.2017 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 21672/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-5 ടെണ്ടർ നടപടി അസാധു - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിക്കുകയും ചെയ്തു.

താഴെ പറയുന്ന പ്രൊജക്ടിന്റെ ടെണ്ടറിൽ ശ്രീ. ലിബിൻ ജോൺ, ശ്രീ. കെ.പി. സനോജ് എന്നീ 2 കോൺട്രാക്ടർമാരാണ് പങ്കെടുത്തത്. ഇതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ലിബിൻ ജോണിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി കരറുടമ്പടി വെച്ചതായാണ് കാണുന്നത്. എന്നാൽ ശ്രീ. ലിബിൻ ജോൺ പേരെഴുതി ഒപ്പ് രേഖപ്പെടുത്താത്ത ടെണ്ടർ ഫോറമാണ് ഓഡിറ്റിന് സമർപ്പിച്ച ഫയലിൽ ഉള്ളത്. ഇതിന് പുറമേ ചെമ്പറ സബ് സെന്റർ റിപ്പയർ എന്നാണ് പ്രസ്തുത ടെണ്ടർ ഫോറത്തിൽ പ്രവൃത്തിയുടെ പേരു രേഖപ്പെടുത്തിയിട്ടുള്ളതും. അളവ് പുസ്തക പ്രകാരം (പേജ് 1, 10) 17.02.2017-നാണ് പ്രവൃത്തിയുടെ ആദ്യ അളവും അവസാന അളവുംരേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 22.11.2016 -ലെ AE/LSGD/MEP/113/2016-17 നമ്പർ കത്ത് പ്രകാരം പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്നും എസ്റ്റിമേറ്റിൽ നിന്നും വ്യത്യാസമായി ചില ഐറ്റം കൂടി അധികമായി ചെയ്യേണ്ടി വന്നതിനാൽ എസ്റ്റമേറ്റ് റിവൈസ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും അസി. എഞ്ചിനീയർ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0163/16-17 |
| പ്രോജക്ടിന്റെ പേര് | കൃഷി ഭവൻ റിപ്പയർ & പെയ്ന്റിംഗ്. |
| അടങ്കൽ | 2 ലക്ഷം രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം.) |
| ചെലവ് | 198965/-രൂപ[ട്രഷറി ബിൽ നം. 18/16-17, 21/03/2017 |
| എം. ബുക്ക് നമ്പർ | 15/16-17 (01-19) |
| കരാറുകാരൻ | ശ്രീ. ലിബിൻ ജോൺ |
| കരാറുടമ്പടി നമ്പർ | 179/16-17, 04/03/2016 |
| പി.എ.സി. | 199650/-രൂപ |

കരാറുകാരൻ ഒപ്പിടാത്ത ടെണ്ടർ ഫോറം അസാധുവാണ്. ഭരണ സമിതിയുടെ 11.01.2017-ലെ 7-ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റമേറ്റിൽ ഉൾപ്പെടുത്താതിരുന്ന പണിയിനമോ കൂടുതലായി പണി ചെയ്യേണ്ടി വരികയോ വരുന്ന അവസരത്തിൽ മുൻകൂട്ടി സാങ്കേതിക അനുമതി വാങ്ങിയാണ് പ്രവൃത്തി നിർവ്വഹണം നടത്തേണ്ടത്. അധികമായി ചെയ്യേണ്ടി വരുന്ന പ്രവൃത്തി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ ബോധ്യപ്പെടേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

മേൽ പറഞ്ഞതിനു പുറമേ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 7.20 ച.മീ. ഭിത്തിയിൽ ടൈൽ പതിച്ചതായി രേഖപ്പെടുത്തി 8,089/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 22.8.2017 -ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത പ്രവൃത്തി ചെയ്തത് കാണിച്ചുതരുവാൻ അസി. എഞ്ചിനീയർക്ക് സാധിച്ചിട്ടില്ല. കൃഷി ഭവനിലെ രണ്ട് ടോയ്ലറ്റുകളിൽ മാത്രമാണ് വാൾ ടൈൽ പതിച്ചിട്ടുള്ളത്. ഇത് പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ചെയ്തതല്ലെന്നും മുമ്പ് ഉണ്ടായിരുന്നതാണെന്നും കൃഷി ഭവനിലെ ജീവനക്കാർ ഓഡിറ്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 20/2016-17/ 22.08.2017 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക 8,089/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. നാപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ ബാക്കി ചെലവ് തുക 1,90,876/-രൂപ (198965-8089) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 വാണിജ്യ നികുതി ഇനത്തിൽ സർക്കാരിന് വൻ നഷ്ടം.

ഗുണഭോക്തൃസമിതികൾ മുഖാന്തിരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഏതാനും നിർമ്മാണപ്രവൃത്തികളിൽ ഒഴികെയുള്ളവയുടെ ക്രഷ്ഡ് സ്റ്റോൺ മെറ്റൽ, മണൽ, കരിങ്കൽ തുടങ്ങിയവയുടെ ചെലവുവൌച്ചറായി ഹാജരാക്കിയിട്ടുള്ളത് തുക കൈപ്പറ്റ് രശീതികളാണ്. വാറ്റ് നിയമപ്രകാരമുള്ള ബില്ലുകൾ അല്ലാത്തതിനാൽ സർക്കാരിന് വാണിജ്യ നികുതിയിനത്തിൽ വൻതുക നഷ്ടമായിട്ടുണ്ട്. ഇതിന് പുറമെ തൊഴിലാളികൾ തീയതി വെച്ച് ഒപ്പ് രേഖപ്പെടുത്താത്ത മസ്റ്റർ റോളുകൾ പ്രകാരമാണ് കൂലി നൽകിയിട്ടുള്ളത്. തൊഴിലാളികളുടെ കൂലി കൈപ്പറ്റ് രശീതികളുമില്ല. തീയതി വെച്ച് ഒപ്പ് രേഖപ്പെടുത്താത്ത മസ്റ്റർ റോളുകൾ അസാധുവായതിനാൽ ആയത് പ്രകാരമുള്ള ചെലവ് അംഗീകരിക്കാവുന്നതല്ല.

നിയമാനുസൃതമായ ബില്ലുകൾ ഹാജരാക്കാതെയും അസാധുവായ മസ്റ്റർ റോളുകൾ അംഗീകരിച്ചുകൊണ്ടും ഗുണഭോക്തൃസമിതികൾക്ക് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | എസ്00167/17 | | |
| പ്രോജക്ടിന്റെ പേര് | ജി.എൽ.പി. സ്കൂൾ മുണ്ടക്കൈ റിപ്പയർ | | |
| അടങ്കൽ | 450000 /- രൂപ | | |
| ചെലവ് | 1)263922/-രൂപ(2015-16- ലെ ചെലവ്)<br>2)134790/-രൂപ [ട്രഷറി ബിൽ നം. 02/16-17, 17.11.2016] | | |
| എം. ബുക്ക് നമ്പർ | 173/15-16 | | |
| കൺവീനർ | ശ്രീമതി. മാലതി ടി.ജെ. | | |
| കരാറുടമ്പടി നമ്പർ | 147/15-16, 04.03.2016 | | |
| മെറ്റീരിയൽസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ | ഇനം | അളവ് | തുക |
| | മെറ്റൽ (20mm) | 450ച.അടി | 24000 |
| | മെറ്റൽ(40mm) | 460ച.അടി | 24000 |
| | മണൽ | 600ച.അടി | 32000 |
| | ബോളർ | 710ച.അടി | 35000 |
| തൊഴിലാളികളുടെ കൂലി | 116000/-രൂപ | | |

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0173/16-17 |
| പ്രോജക്ടിന്റെ പേര് | മുണ്ടക്കൈ പുഞ്ചരി റോഡിൽ ഡ്രൈനേജ് |
| അടങ്കൽ | 4.95 ലക്ഷം രൂപ (വികസന ഫണ്ട്.) |
| ചെലവ് | 432023/--രൂപ<br>231742/--രൂപ[2015-16 വർഷത്തെ ചെലവ്]<br>200281/-രൂപ[ട്രഷറി ബിൽ നം. 03/16-17, 17/11/2017 |

| | | | |
|---|---|---|---|
| എം. ബുക്ക് നമ്പർ | 171/15-16 (01-25) | | |
| കൺവീനർ | ശ്രീ. നൌഫൽ കെ. | | |
| കരാറുടമ്പടി നമ്പർ | 134/15-16, 16/02/2016 | | |
| മെറ്റീരിയൽസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ | ഇനം | അളവ് | തുക |
| | മെറ്റൽ (20mm) | 80ച.അടി | 4500 |
| | മെറ്റൽ(40mm) | 1700ച.അടി | 80750 |
| | മണൽ | 1000ച.അടി | 50000 |
| തൊഴിലാളികളുടെ കൂലി | 125100/-രൂപ | | |

III)

| | | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0165/16-17 | | |
| പ്രോജക്റ്റിന്റെ പേര് | കുന്നമ്പറ്റ അംഗൻവാടി റിപ്പയർ | | |
| അടങ്കൽ | 2 ലക്ഷം രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം.) | | |
| ചെലവ് | 190412/-രൂപ[ട്രഷറി ബിൽ നം. 21/16-17, 28/03/2017 | | |
| എം. ബുക്ക് നമ്പർ | 10/16-17 (01-53) | | |
| കൺവീനർ | ശ്രീമതി. ലൂർദ് മേരി | | |
| കരാറുടമ്പടി നമ്പർ | 155/15-16, 04/03/2016 | | |
| മെറ്റീരിയൽസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ | ഇനം | അളവ് | തുക |
| | മെറ്റൽ (20mm) | 150ച.അടി | 7500 |
| | ബോളർ | 250 ച.അടി | 10000 |
| | മണൽ | 600ച.അടി | 12000 |
| | കട്ട | 925 എണ്ണം | 2500 |
| തൊഴിലാളികളുടെ കൂലി | 49700/- | | |

IV)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്0179/17 |
| പ്രോജക്റ്റിന്റെ പേര് | ചേലേരിക്കാവ് കിണർ |

| | | | |
|---|---|---|---|
| അടങ്കൽ | 300000 /- രൂപ | | |
| ചെലവ് | 300000 /- രൂപ [ട്രഷറി ബിൽ നം. 04/16-17, 17.11.2016 | | |
| കൺവീനർ | ശ്രീ. സുബ്രഹ്മണ്യൻ തുക്കൈപ്പറ്റ | | |
| കരാറുടമ്പടി നമ്പർ | 154/15-16, 04.03.2016 | | |
| മെറ്റീരിയൽസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ | ഇനം | അളവ് | തുക |
| | മെറ്റൽ (20mm) | 500ച.അടി | 30000 |
| | മണൽ | 250 ച.അടി | 21500 |
| തൊഴിലാളികളുടെ കൂലി | 136000/- | | |

V)

| | | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | എസ്0171/17 | | |
| പ്രോജക്റ്റിന്റെ പേര് | താഴെ മുക്കത്ത് കോളനി കിണർ | | |
| അടങ്കൽ | 200000 /- രൂപ (ട്.എസ്.പി.) | | |
| ചെലവ് | 200000/-രൂപ [ട്രഷറി ബിൽ നം. 05/16-17, 17.11.2016 | | |
| എം. ബുക്ക് നമ്പർ | 02/15-16 | | |
| കൺവീനർ | ശ്രീമതി. ബീന തുക്കൈപ്പറ്റ | | |
| കരാറുടമ്പടി നമ്പർ | 185/15-16, 04.03.2016 | | |
| മെറ്റീരിയൽസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ | ഇനം | അളവ് | തുക |
| | മെറ്റൽ (20mm) | 275ച.അടി | 12000 |
| | മണൽ | 150ച.അടി | 19800 |

VI)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്00172/17 |
| പ്രോജക്റ്റിന്റെ പേര് | പാത്രമാങ്ങ കോളനി കിണർ |
| അടങ്കൽ | 193087/- രൂപ |
| ചെലവ് | 193087/-രൂപ [ട്രഷറി ബിൽ നം. 06/16-17, 17.11.2016 |

| | | | |
|---|---|---|---|
| എം. ബുക്ക് നമ്പർ | 3/15-16 | | |
| മെറ്റീരിയൽസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ | ഇനം | അളവ് | തുക |
| | മെറ്റൽ (20mm) | 150ച.അടി | 12900 |
| | മണൽ | 300ച.അടി | 22500 |
| തൊഴിലാളികളുടെ കൂലി | 88700/-രൂപ | | |

VI)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | എസ്00181/17 | | |
| പ്രോജക്ടിന്റെ പേര് | മുണ്ടക്കൈ ബസ് സ്റ്റോപ്പ് റിപ്പയർ | | |
| അടങ്കൽ | 1 ലക്ഷം രൂപ | | |
| ചെലവ് | 84230/-രൂപ [ട്രഷറി ബിൽ നം. 01/16-17, 17.11.2017] | | |
| എം. ബുക്ക് നമ്പർ | 04/16-17 | | |
| മെറ്റീരിയൽസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ | ഇനം | അളവ് | തുക |
| | പെയിന്റിംഗ് | ലഭ്യമല്ല | 1100 |
| | മെറ്റൽ(40mm) | 35ച.അടി | 1100 |
| | മണൽ | 150ച.അടി | 8000 |
| | കട്ട | 150 എണ്ണം | 900 |
| തൊഴിലാളികളുടെ കൂലി | 30500/-രൂപ | | |

ഓഡിറ്റ് എൻക്വയറി നം. 13 /2016-17/ 22.08.2017 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

## 3-7 മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വാങ്ങിയതിന് നിയമപ്രകാരമുള്ള ടാക്സ് ഈടാക്കാത്തതിനാൽ സർക്കാരിന് 2,29,056-രൂപ നഷ്ടം

മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾക്ക് ക്രഷ്ഡ് സ്റ്റോൺ മെറ്റൽ, മണൽ എന്നിവ വാങ്ങിയതിന്റെ ചെലവ് വൌച്ചറായി കരാറുകാരന്റെ തുക കൈപ്പറ്റ് രശീതികളാണ് ഹാജരാക്കിയിട്ടുള്ളത്. സിമന്റിന്റെ സപ്ലയറുടെ (കരാറുകാരന്റെ) പേരിലുള്ള ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. സപ്ലയർ

ഗ്രാമപഞ്ചായത്തിന് സിമന്റ് തന്നതിന് ബിൽ നൽകിയിട്ടില്ല. വാറ്റ് നിയമപ്രകാരമുള്ള ബില്ലുകൾ അല്ലാത്തതിനാൽ സർക്കാരിന് വാണിജ്യ നികുതിയിനത്തിൽ 2,25,060/-രൂപ നഷ്ടത്തിന് ഇടയായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക്(നം.41/16-17,23-8-2017) മറുപടിയായി അടക്കേണ്ടതായ വാറ്റ് അടവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുകയും ചലാന്റെ പകർപ്പുകൾ ഹാജരാക്കുകയും ചെയ്തു. ഇവയുടെ പരിശോധനയിൽ, സാമഗ്രികളുടെ ആകെ വിലയുടെ 4% ആണ് വാറ്റ് ഒടുക്കിയതായി കാണുന്നത്. വാണിജ്യ നികുതി ചട്ടങ്ങളിലെ ഷെഡ്യൂൾ പ്രകാരം പ്രസ്തുത സാമഗ്രികൾക്ക് ഒടുക്കേണ്ട വാറ്റിനെക്കാൾ വളരെ കുറവാണിത്.

മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾക്കു വേണ്ടി സാമഗ്രികൾ വാങ്ങിയതിന്റെ വാറ്റ് ഒടുക്കിയതിൽ കുറവ് വന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I)

| | | | | |
|---|---|---|---|---|
| പ്രവൃത്തിയുടെ പേര് | | പൂത്തക്കൊല്ലി അങ്കണവാടി റോഡ് | | |
| വാർഡ് നമ്പർ | | 15 | | |
| അടങ്കൽ | | 180000/-രൂപ | | |
| ആകെ ചെലവ് | | 141228/-രൂപ | | |
| അളവ് പുസ്തക നമ്പർ | | 411/2016-17(പേജുകൾ 1 മുതൽ 11 വരെ) | | |
| കരാറുകാരൻ | | ശ്രീ. ജോർജ് കെ.വി. | | |
| സാമഗ്രികളുടെ തുക നൽകിയതിന്റെ ബിൽ നമ്പറും തീയതിയും | | 60/28.03.2017 | | |
| എഫ്.ടി.ഒ. നമ്പറും തീയതിയും | | 561734/28.03.2017 | | |
| സാമഗ്രികൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ | | | | |
| ഇനം | അളവ് | തുക | വാറ്റ് ശതമാനം | ഒടുക്കേണ്ട വാറ്റ് തുക |
| മെറ്റൽ (20mm) | 8.26ച.മീ. | 17509.08 | 5 | 875.45 |
| മെറ്റൽ(40mm) | 11.01 ച.മീ. | 21634.65 | 5 | 1081.7 |
| മണൽ | 9.95ച.മീ. | 31824 | 14.5 | 4614.48 |
| സിമന്റ് | 101 ചാക്ക് | 44440 | 14.5 | 6443.8 |
| | | | ആകെ | 13015.17 |

| | |
|---|---|
| കരാറുകാരൻ അടവാക്കിയ വാറ്റ് തുക | 4546/-രൂപ |
| ബാക്കി അടവാക്കാനുള്ള വാറ്റ് തുക | 13015 - 4546 = 8469/-രൂപ |

II)

| | | | | |
|---|---|---|---|---|
| പ്രവൃത്തിയുടെ പേര് | കാപ്പിക്കാട് കുടിവെള്ള ടാങ്കിലേക്കുള്ള നടപ്പാത നിർമ്മാണം | | | |
| വാർഡ് നമ്പർ | 5 | | | |
| അടങ്കൽ | 150000/-രൂപ | | | |
| ആകെ ചെലവ് | 123686/-രൂപ | | | |
| അളവ് പുസ്തക നമ്പർ | 401/2016-17(പേജുകൾ 1 മുതൽ 14 വരെ) | | | |
| കരാറുകാരൻ | ശ്രീ. ജോർജ് കെ.വി. | | | |
| സാമഗ്രികളുടെ തുക നൽകിയതിന്റെ ബിൽ നമ്പറും തീയതിയും | 56/28.03.2017 | | | |
| എഫ്.ടി.ഒ. നമ്പറും തീയതിയും | 561722/28.03.2017 | | | |
| സാമഗ്രികൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ | | | | |
| ഇനം | അളവ് | തുക | വാറ്റ് ശതമാനം | ഒടുക്കേണ്ട വാറ്റ് തുക |
| മെറ്റൽ(40mm) | 9.946ച.മീ. | 19543.89 | 5 | 977.19 |
| മെറ്റൽ (20mm) | 7.46 ച.മീ. | 16039 | 5 | 801.95 |
| മണൽ | 8.98ച.മീ. | 27613.5 | 14.5 | 4003.96 |
| സിമന്റ് | 92 ചാക്ക് | 40480 | 14.5 | 5869.6 |
| | | | ആകെ | 11652.7 |
| കരാറുകാരൻ അടവാക്കിയ വാറ്റ് തുക | 4140/-രൂപ | | | |
| ബാക്കി അടവാക്കാനുള്ള വാറ്റ് തുക | 11653 - 4140 = 7513/-രൂപ | | | |

III)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചെഞ്ചാത്തറ ഡ്രൈനേജ് നിർമ്മാണം |
| വാർഡ് നമ്പർ | 22 |

| | | | | |
|---|---|---|---|---|
| അടങ്കൽ | | 210000/-രൂപ | | |
| ആകെ ചെലവ് | | 184234 /-രൂപ | | |
| അളവ് പുസ്തക നമ്പർ | | 1)428/2016-17(പേജുകൾ 1 മുതൽ 10 വരെ)<br>2)441/2016-17(പേജുകൾ 1 മുതൽ 10 വരെ) | | |
| കരാറുകാരൻ | | ശ്രീ. ജോർജ് കെ.വി. | | |
| സാമഗ്രികളുടെ തുക നൽകിയതിന്റെ ബിൽ നമ്പറും തീയതിയും | | 84/28.03.2017 | | |
| എഫ്.ടി.ഒ. നമ്പറും തീയതിയും | | 571423/31.03.2017 | | |
| സാമഗ്രികൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ | | | | |
| ഇനം | അളവ് | തുക | വാറ്റ് ശതമാനം | ഒടുക്കേണ്ട വാറ്റ് തുക |
| മെറ്റൽ(40mm) | 20.242ച.മീ. | 39775.53 | 5 | 1988.78 |
| മെറ്റൽ (20mm) | 1.167 ച.മീ. | 2509.05 | 5 | 125.45 |
| മണൽ | 11.27ച.മീ. | 34373.5 | 14.5 | 4984.16 |
| സിമന്റ് | 103.22 ചാക്ക് | 45416.8 | 14.5 | 6585.44 |
| | | | ആകെ | 13683.83 |
| കരാറുകാരൻ അടവാക്കിയ വാറ്റ് തുക | | 4883/-രൂപ | | |
| ബാക്കി അടവാക്കാനുള്ള വാറ്റ് തുക | | 13683 - 4883 = 8801/-രൂപ | | |

IV)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചുളിക്ക സ്കൂൾ റോഡ് കോൺക്രീറ്റ് |
| വാർഡ് നമ്പർ | - |
| അടങ്കൽ | 120000/-രൂപ |
| ആകെ ചെലവ് | 87818/-രൂപ |
| അളവ് പുസ്തക നമ്പർ | 421/2016-17(പേജുകൾ 1 മുതൽ 09 വരെ) |
| കരാറുകാരൻ | ശ്രീ. ജോർജ് കെ.വി. |

| | | | | |
|---|---|---|---|---|
| സാമഗ്രികളുടെ തുക നൽകിയതിന്റെ ബിൽ നമ്പറും തീയതിയും | 71/29.03.2017 | | | |
| എഫ്.ടി.ഒ. നമ്പറും തീയതിയും | 564746/29.03.2017 | | | |
| സാമഗ്രികൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ | | | | |
| ഇനം | അളവ് | തുക | വാറ്റ് ശതമാനം | ഒടുക്കേണ്ട വാറ്റ് തുക |
| മെറ്റൽ(40mm) | 7.73ച.മീ. | 15189.45 | 5 | 759.47 |
| മെറ്റൽ (20mm) | 5.13 ച.മീ. | 11029.5 | 5 | 551.48 |
| മണൽ | 6.63ച.മീ. | 20584 | 14.5 | 2984.68 |
| സിമന്റ് | 66ചാക്ക് | 29040 | 14.5 | 4210.8 |
| | | | ആകെ | 8506.4 |
| കരാറുകാരൻ അടവാക്കിയ വാറ്റ് തുക | 3034/-രൂപ | | | |
| ബാക്കി അടവാക്കാനുള്ള വാറ്റ് തുക | 8506 - 3034 = 5472/-രൂപ | | | |

V)

| | | | | |
|---|---|---|---|---|
| പ്രവൃത്തിയുടെ പേര് | കാപ്പിക്കാട് കുടിവെള്ള ടാങ്കിലേക്കുള്ള നടപ്പാത നിർമ്മാണം-രണ്ടാംഘട്ടം | | | |
| വാർഡ് നമ്പർ | 20 | | | |
| അടങ്കൽ | 190000/-രൂപ | | | |
| ആകെ ചെലവ് | 179453/-രൂപ | | | |
| അളവ് പുസ്തക നമ്പർ | 402/2016-17(പേജുകൾ 1 മുതൽ 13 വരെ) | | | |
| കരാറുകാരൻ | ശ്രീ. ജോർജ് കെ.വി. | | | |
| സാമഗ്രികളുടെ തുക നൽകിയതിന്റെ ബിൽ നമ്പറും തീയതിയും | 28/28.03.2017 | | | |
| എഫ്.ടി.ഒ. നമ്പറും തീയതിയും | 561754/28.03.2017 | | | |
| സാമഗ്രികൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ | | | | |
| ഇനം | അളവ് | തുക | വാറ്റ് ശതമാനം | ഒടുക്കേണ്ട വാറ്റ് തുക |
| മെറ്റൽ(40mm) | 14.44ച.മീ. | 30324 | 5 | 1516.2 |

| | | | | |
|---|---|---|---|---|
| മെറ്റൽ (20mm) | 10.83 ച.മീ. | 23826 | 5 | 1191.3 |
| മണൽ | 13.05ച.മീ. | 29942.87 | 14.5 | 4341.72 |
| സിമന്റ് | 133ചാക്ക് | 59850 | 14.5 | 8678.25 |
| | | | ആകെ | 15727.47 |
| കരാറുകാരൻ അടവാക്കിയ വാറ്റ് തുക | | 5758/-രൂപ | | |
| ബാക്കി അടവാക്കാനുള്ള വാറ്റ് തുക | | 15727 - 5758 = 5969/-രൂപ | | |

VI)

| | | | | |
|---|---|---|---|---|
| പ്രവൃത്തിയുടെ പേര് | | വെണ്ടക്കാമൂല 3-ാം നമ്പർ നടപ്പത നിർമ്മാണം | | |
| വാർഡ് നമ്പർ | | 4 | | |
| അടങ്കൽ | | 85000/-രൂപ | | |
| ആകെ ചെലവ് | | 72630/-രൂപ | | |
| അളവ് പുസ്തക നമ്പർ | | 438/2016-17(പേജുകൾ 1 മുതൽ 13 വരെ) | | |
| കരാറുകാരൻ | | ശ്രീ. ജോർജ് കെ.വി. | | |
| സാമഗ്രികളുടെ തുക നൽകിയതിന്റെ ബിൽ നമ്പറും തീയതിയും | | 93/31.03.2017 | | |
| എഫ്.ടി.ഒ. നമ്പറും തീയതിയും | | 1539/01.04.2017 | | |
| സാമഗ്രികൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ | | | | |
| ഇനം | അളവ് | തുക | വാറ്റ് ശതമാനം | ഒടുക്കേണ്ട വാറ്റ് തുക |
| മെറ്റൽ(40mm) | 5.562ച.മീ. | 10929.33 | 5 | 546.47 |
| മെറ്റൽ (20mm) | 4.172 ച.മീ. | 8761.2 | 5 | 438.06 |
| മണൽ | 5.023ച.മീ. | 15571.3 | 14.5 | 2257.84 |
| സിമന്റ് | 51.24ചാക്ക് | 22033.2 | 14.5 | 3194.81 |
| | | | ആകെ | 6437.18 |
| കരാറുകാരൻ അടവാക്കിയ വാറ്റ് തുക | | 2292/-രൂപ | | |

| | |
|---|---|
